# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3547 — 17.10.2011-ൽ മറുപടിക്ക്

## എൻ.ആർ.എച്ച്.എം ഫണ്ട് വിനിയോഗം

**ചോദ്യം**

ശ്രീ.വി.ഡി.സതീശൻ :
ശ്രീ.വർക്കല കഹാർ :
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി :
ശ്രീ.അൻവർ സാദത്ത് :

(എ) എൻ.ആർ.എച്ച്.എം ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പകർച്ചവ്യാധി പടർന്നു പിടിച്ച സ്ഥലങ്ങളിൽ ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുവാൻ എന്തു നടപടിയാണ് കൈക്കൊണ്ടത് ;

(സി) ഫണ്ട് വിനിയോഗം പൂർണ്ണമല്ലെന്നു കണ്ട ജില്ലകളിൽ ഇതു പൂർണ്ണമായി നടപ്പാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

ശ്രീ.അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

(എ), (ബി) & (സി) :

എൻ.ആർ.എച്ച്.എം മുഖേന ലഭിക്കുന്ന ഫണ്ടുകൾ ശരിയായ വിധം ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താനായി താഴെ പറയുന്ന മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്.

1.ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിക്ക് ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും പ്രവർത്തനങ്ങൾക്ക് അനുവാദം നൽകുന്നതിനും അവ വിലയിരുത്തുന്നതിനുമായി ഭരണസമിതിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും ഉണ്ട്. ഈ സമിതികൾ പ്രവർത്തനങ്ങൾ വിലയിരുത്തുക മാത്രമല്ല സംഘത്തിന്റെ ഭരണഘടനക്കനുസരിച്ചുള്ള കണക്കുകൾ സൂക്ഷിക്കുന്നുണ്ട് എന്നുറപ്പുവരുത്തുകയും അവ പരിശോധിക്കുകയും ചെയ്യുന്നു.

2. ഈ സാമ്പത്തിക വർഷം 30.09.2011 വരെ 22 ശതമാനം തുക ചെലവഴിക്കാൻ കഴിഞ്ഞു. കഴിഞ്ഞ വർഷം ഈ കാലയളവിൽ ഇത് 27 ശതമാനം ആയിരുന്നു. പൊതുതിരഞ്ഞെടുപ്പും കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിക്കാനുള്ള കാലതാമസവും മെഡിക്കൽ ഓഫീസർമാരുടെയും ഫീൽഡ് സ്റ്റാഫുകളുടെയും പലപ്പോഴായിട്ടുള്ള സമരവും കാരണം ആരോഗ്യ സ്ഥാപനങ്ങൾക്ക് (പി.എച്ച്.സി/ സി.എച്ച്.സി/ ഡബ്ല്യൂ.എച്ച്.എസ്.സി) അനുവദിച്ച തുക ചെലവഴിക്കാൻ താമസം നേരിട്ടു.

3. ജില്ലാതലത്തിൽ എൻ.ആർ.എച്ച്.എം പ്രവർത്തനങ്ങൾ മുഖ്യമായും പി.എച്ച്.സി /ബി.പി.എച്ച്.സി/സി.എച്ച്.സി തലങ്ങളിലാണ് നടക്കുന്നത്. എല്ലാ മാസവും അഞ്ചാം പ്രവൃത്തിദിനം ഈ പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ അവലോകനം ചെയ്യപ്പെടുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 6-ാം പ്രവൃത്തിദിനം ജില്ലാതലത്തിൽ

ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ മറ്റ് പ്രോഗ്രാം ഓഫീസർമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഇത് അവലോകനം ചെയ്ത് വിലയിരുത്തപ്പെടുന്നു.

4. ഇതിനുപുറമേ പി.എച്ച്.സി/ബി.പി.എച്ച്.സി/ സി.എച്ച്.സി/താലൂക്ക് തലങ്ങളിൽ എൻ.ആർ. എച്ച്.എം പ്രവർത്തനങ്ങൾ ആശുപത്രി വികസന സമിതികൾ മുഖേനയും വിലയിരുത്തപ്പെടുന്നു.

5. ആരോഗ്യ സ്ഥാപനങ്ങളുടെ നവീകരണ പ്രവർത്തന പുരോഗതി വിലയിരുത്തി ഈ മേഖലയിൽ ഫണ്ട് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ വിനിയോഗിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

6. സംസ്ഥാനത്തിന്റെ വിവിധ തലങ്ങളിൽ നടത്തുന്ന പരിശീലന പരിപാടികളുടെ അവലോകനം നേരിട്ട് വിലയിരുത്തി നടപടി കൈക്കൊള്ളാൻ പ്രത്യേക ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

7. ആശാപ്രവർത്തകർക്കുള്ള ഇൻസെന്റീവ് വിതരണം കാര്യക്ഷമമാക്കാനും ത്വരിതപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്.

8. പകർച്ചവ്യാധിക്കെതിരായി ജനങ്ങളെ ബോധവത്ക്കരിക്കാൻ വിവിധ മാധ്യമങ്ങളെ പ്രയോജനപ്പെടുത്തി പ്രചരണപരിപാടി എൻ.ആർ.എച്ച്.എം വഴി നടത്തിവരുന്നുണ്ട്. ഇതിനുള്ള തുകകൾ എൻ.ആർ.എച്ച്.എം ചെലവഴിക്കുന്നുണ്ട്.

9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് എൻ.ആർ.എച്ച്.എം പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചു.

10. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കൂടുതൽ അവലോകനയോഗങ്ങൾ വിളിക്കുന്നതും ഫണ്ട് വിനിയോഗം ത്വരിതപ്പെടുത്തുന്നതുമാണ്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ